പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

15 (*315)ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. ടി.എസ്. ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിനായി കറവയന്ത്ര യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഡി) ഈ പദ്ധതി ജനകീയാസൂത്രണവുമായി ബന്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടായെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) വിജ്ഞാനവ്യാപനം, പച്ചപ്പുൽ കൃഷി പ്രോത്സാഹനം, ക്ഷീരസഹകരണമേഖല ശക്തിപ്പെടുത്തൽ, ഗുണമേന്മയുള്ള സമീകൃത കാലിത്തീറ്റ മിതമായി വിലയ്ക്ക് വിതരണം എന്നീ പരിപാടികളാണ് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ. കൂടാതെ കേരളത്തിലെ കന്നുകാലികളുടെ വർഗ്ഗഗുണം മെച്ചപ്പെടുത്തി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഒരു കന്നുകാലി പ്രജനന നയം നടപ്പിലാക്കിവരുന്നുണ്ട്. കേരളത്തിലെ മുഴുവൻ പശുക്കൾക്കും കൃത്രിമ ബീജദാനം ഉറപ്പാക്കുന്നതിലേക്കായി 500 പശുക്കൾക്ക് ഒരു കേന്ദ്രം എന്ന നിലയിൽ പുതിയ ബീജസങ്കലന കേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനായി മുന്തിയതരം വിത്തുകാളകളെ ഇറക്കുമതി ചെയ്യുകയും ഇവിടെയുള്ള വിത്തുകാളകളെ നല്ലയിനങ്ങളെ തെരഞ്ഞെടുക്കുകയും അവയുടെ ബീജം പശുക്കളിൽ കുത്തിവയ്ക്കുന്നതിനായി എത്തിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. ബീജാദാന സൗകര്യം കാലി ഉടമകളുടെ വീട്ടുപടിയ്ക്കൽ എത്തിക്കാനായി മൊബൈൽ എ.ഐ.(കൃത്രിമബീജധാനം) പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കന്നുകാലികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള നടപടികളും പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഉല്പാദിപ്പിക്കപ്പെടുന്ന പാൽ ക്ഷീര സഹകരണ സംഘങ്ങൾ വഴി സംഭരിച്ച് പാലിന് ഒരു സ്ഥിരമായ വിപണിയും ഗുണനിലവാരമനുസരിച്ചുള്ള വിലയും മിൽമ ഉറപ്പു വരുത്തുന്നുണ്ട്.

(ബി) ഉണ്ട്. പ്രത്യേകമായി പരിഷ്കരിച്ച് നിർമ്മിച്ചിട്ടുള്ള കറവയന്ത്രം ക്ഷീരസഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കി ഒരു മോപ്പഡ് മാതൃകയിലുള്ള മോട്ടോർ സൈക്കിളിൽ ഘടിപ്പിച്ച് പരിശീലനം ലഭിച്ച ഒരു യുവാവിനെക്കൊണ്ട് കർഷക ഭവനങ്ങളിൽ പാൽ കറക്കുവാൻ ഉപയോഗിക്കുന്നു. കറവയന്ത്ര വിലയുടെ 50 ശതമാനം ധനസഹായമായി സംഘങ്ങൾക്ക് നൽകുന്നു. ഇത് പ്രവർത്തിപ്പിക്കാൻ നിയോഗിക്കപ്പെടുന്ന യുവാവ് മോപ്പഡ് സ്വയം വാങ്ങേണ്ടതും, കർഷക ഗൃഹങ്ങളിൽനിന്ന് ഈടാക്കുന്ന ഫീസിന്റെ ഒരു വിഹിതം സംഘത്തിലേയ്ക്ക് അടക്കേണ്ടതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) ഉണ്ട്.

രണ്ടു ഗ്യാസ് സിലിണ്ടറുകൾ ഉള്ളവർക്കും മണ്ണെണ്ണ നൽകുവാൻ നടപടി

16 (*316)ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയുടേയും പാചകവാതകത്തിന്റേയും വില വർദ്ധിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രവീതമെന്ന് വ്യക്തമാക്കുമോ;

(ബി) വില വർദ്ധിപ്പിക്കുമ്പോൾ മണ്ണെണ്ണയ്ക്ക് സംസ്ഥാന ഗവൺമെന്റ് വക സബ്സിഡി ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(സി) പാചകവാതകത്തിന് ക്രമാതീതമായ വില വർദ്ധിപ്പിക്കുന്ന പക്ഷം പാചക വാതകത്തിന്റെ രണ്ട് സിലിണ്ടർ ഉള്ളവർക്ക് പെർമിറ്റ് പ്രകാരം മണ്ണെണ്ണ നൽകുവാൻ നടപടിയെടുക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) മണ്ണെണ്ണയുടേയും പാചക വാതകത്തിന്റേയും വില വർദ്ധിപ്പിക്കുവാൻ നീക്കമുള്ളതായി അറിയുന്നു. രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) വില വർദ്ധിപ്പിക്കുന്ന പക്ഷം ഇക്കാര്യത്തിൽ എന്തു ചെയ്യാനാവുമെന്ന് പരിശോധിക്കുന്നതാണ്.

(സി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിലുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിച്ചു നൽകുകയാണെങ്കിൽ മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉപദേശക സമിതി

17 (*317)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും യുവ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടുന്ന ഉപദേശക സമിതികളുടെ രൂപീകരണം സംബന്ധിച്ച എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെ ആണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ഘടന എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly